(ബി) ഇത് നിയമംമൂലം നിരോധിച്ചിട്ടില്ല. 14 വയസ്സിൽ താഴെയുള്ള കുട്ടികളെകൊണ്ട് കഠിന പ്രയത്നമുള്ള തൊഴിലെടുപ്പിക്കുന്നത് മാത്രമേ നിയമംമൂലം നിരോധിച്ചിട്ടുള്ളൂ.

(സി) സൂചിപ്പിക്കാറുണ്ട്. തോട്ടം മേഖലയിലും മറ്റ് ചില തൊഴിൽ മേഖലകളിലും കൗമാരപ്രായക്കാരുടെ വേതന കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

(ഡി) പ്രായപൂർത്തിയായവർക്ക് നൽകുന്ന വേതനത്തിന്റെ 75 ശതമാനമാണ് കൗമാരപ്രായക്കാർക്ക് നിശ്ചയിക്കാറുള്ളത്.

ഡ്രൈവിംഗ് പരിശീലകർക്ക് സ്പെഷ്യൽ അലവൻസ് ലഭ്യമാക്കാൻ നടപടി

46 [3491] *ശ്രീ. കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ എം. എം. വി. ട്രേഡിൽ പ്രവേശനം ലഭിച്ചവർക്ക് ഡ്രൈവിംഗ് പരിശീലനത്തിനായി ആരെയാണ് നിയമിച്ചിരിക്കുന്നത്;

(ബി) ഇങ്ങനെ നിയമിച്ചവരുടെ അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ഇവരുടെ ജോലി സ്വഭാവം പി. എസ്. സി. യെ അറിയിക്കണമെന്നുണ്ടോ; ഉണ്ടെങ്കിൽ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അറിയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ ഡ്രൈവിംഗ് പരിശീലകർക്ക് മറ്റ് വകുപ്പുകളിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന സ്പെഷ്യൽ അലവൻസ് കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. എസ്. സി. മുഖാന്തിരം നിയമനം ലഭ്യമായവരും/ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ നിന്നും ഉദ്യോഗകയറ്റം ലഭ്യമായവരുമായ ഡ്രൈവർമാരാണ് സംസ്ഥാനത്തെ ഐ. റ്റി. ഐ. കളിൽ എം. എം. വി. ട്രേഡിൽ പ്രവേശനം ലഭ്യമാകുന്ന പരിശീലനാർത്ഥികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്നത്.

(ബി) 14-8-2003-ലെ ജി. ഒ. (പി.) നമ്പർ: 23/03/ഉ.പ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക നിയമന ചട്ടങ്ങളിൽ ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ തസ്തികക്കുള്ള അടിസ്ഥാന യോഗ്യതകളാണ് നിശ്ചയിച്ചിരിക്കുന്നത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു തസ്തികയിലെയും ജോലി സ്വഭാവം പ്രത്യേകമായി പി. എസ്. സി. യെ അറിയിക്കേണ്ടതില്ല. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രത്യേക നിയമന ചട്ടങ്ങളിൽ ജോലി സ്വഭാവം, നിയമനരീതി, അടിസ്ഥാനയോഗ്യതകൾ എന്നിവ പരാമർശിച്ചിട്ടുണ്ട്. ആയതനുസരിച്ചാണ് നിയമനം നടത്തുന്നത്. പി. എസ്. സി. തയ്യാറാക്കുന്ന ഡ്രൈവർമാരുടെ പൊതുവായ പട്ടികയിൽ നിന്നും ലഭ്യമാകുന്ന ഡ്രൈവർമാരെ ഓരോ വകുപ്പിന്റെയും പ്രവർത്തന സ്വഭാവവും, ലക്ഷ്യവും അനുസരിച്ചാണ് നിയമനം നൽകുന്നത്. അതനുസരിച്ചാണ് വ്യാവസായിക പരിശീലന വകുപ്പിൽ നിയമനം ലഭിക്കുന്ന ഡ്രൈവർമാരെ എം. എം. വി. ട്രേഡിലെ പരിശീലനാർത്ഥികളെ ഡ്രൈവിംഗ് പരിശീലന ത്തിനായി നിയോഗിക്കുന്നത്. ആയത് ജോലിയുടെ ഭാഗമാണെന്നിരിക്കെ പി. എസ്. സി.യെ അറിയിക്കേണ്ടതില്ല.

(ഡി) 25-11-1998 ലെ ജി. ഒ. (പി) നമ്പർ 3000/98/ധനകാര്യം എന്ന ശമ്പള പരിഷ്ക്കരണ ഉത്തരവിൽ സർക്കാർ വകുപ്പുകളിലെ ഡ്രൈവർ ഗ്രേഡ്-II-ന് 90 (തൊണ്ണൂറ്) രൂപയും ഹെവി ഡ്യൂട്ടി ഡ്രൈവർമാർക്ക് 140 (നൂറ്റിനാൽപ്പത്) രൂപയും പ്രത്യേക ബത്ത അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വകുപ്പിൻ കീഴിലെ ഐ. ടി. ഐ. കളിലെ എം.എം.വി. ട്രേഡിലെ പരിശീലനാർത്ഥികൾ ഡ്രൈവിംഗ് പരിശീലനം നൽകുന്ന ഡ്രൈവർമാർക്ക് 150 (നൂറ്റി അൻപത്) രൂപ കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവർക്ക് ലഭിക്കുന്ന പ്രത്യേക ബത്ത നൽകുന്നില്ല.

ഐ. ടി. ഐ. കളിലെ ഡ്രൈവർമാർക്ക് പ്രത്രേ്യക ബത്തയും കോമ്പൻസേറ്ററി അലവൻസും ഒരുമിച്ച് നൽകുന്നത് തെറ്റാണെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്.

കുറഞ്ഞ വേതനം പുതുക്കൽ

47 [3492] *ശ്രീ. എം. എ. വാഹീദ്:*

,, *എം. എ. ചന്ദ്രശേഖരൻ:*

,, *വി. ഡി. സതീശൻ:* താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായങ്ങളിൽ ചുരുങ്ങിയ വേതനം പുതുക്കാത്തതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly